കരാർ നടപ്പിലാക്കാൻ യൂണിയനുകളും ലേബർ ഡിപ്പാർട്ടുമെന്റും കരാറുണ്ടാക്കിയിട്ടുണ്ട്. അത് എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവന്നു. ടെൽക്ക് വൻ നഷ്ടത്തിലായിരുന്നു. ഇപ്പോൾ 11 കോടി രൂപയുടെ ലാഭമുണ്ടാക്കിയിരിക്കുകയാണ്. ഇതിന്റെ ടെക്നോളജി ഇംപ്രൂവ്മെന്റിന് വേണ്ടി തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രവർത്തിക്കുകയാണ്. അതിന് ഗവൺമെന്റിന്റെ ശ്രദ്ധ ഭാവിയിലുമുണ്ടാകും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തുള്ള, നല്ല രീതിയിൽ പ്രവർത്തിക്കുന്ന, വളരെയേറെ തൊഴിലാളികൾ പണിയെടുക്കുന്ന എൻ.റ്റി.സി. മില്ലുകൾ നിലനിർത്തുന്നതിനാവശ്യമായ ചില പ്രൊപ്പോസൽസ് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ ഗവൺമെന്റിന്റെ മുന്നിൽ വച്ചിട്ടുണ്ട്. അത് ചർച്ച ചെയ്ത് ആ മില്ലുകൾ നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുമോ? നമ്മുടെ സംസ്ഥാനത്തുള്ള എൻ.റ്റി.സി. മില്ലുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പ്രത്യേകം നോട്ടീസ് നൽകിയാൽ പരിശോധിച്ച് മറുപടി പറയാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോജക്ടിന്റെ പഠന റിപ്പോർട്ട്

*3 [93] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ബാല്യ വിവാഹം വ്യാപകമായതായി കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) ബാല്യ വിവാഹം ഏറ്റവും കൂടുതൽ നടക്കുന്ന ജില്ല ഏതാണ്; ഓരോ ജില്ലയിലേയും ശരാശരി ശതമാനം വെളിപ്പെടുത്താമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഈ പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ആരോഗ്യ വകുപ്പിലൂടെയാണ്. ആർ. സി. എച്ച്. പദ്ധതിയുടെ ഭാഗമായി 1999-ൽ കോഴിക്കോട്/ പാലക്കാട് എന്നീ രണ്ട് സബ് പ്രോജക്ടുകൾക്കുവേണ്ടി ഒരു ബേസ് ലൈൻ സർവ്വേ നടത്തുകയുണ്ടായി. അതു പ്രകാരം ശുപാർശകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഇതിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്:

(1) വാർഷിക ബർത്ത് റേറ്റ്

പാലക്കാട് : 27.3/1000

കോഴിക്കോട് : 23.1/1000

(2) ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന കുട്ടികളുടെ നിരക്ക് തുല്യമാണ്.

(3) അമ്മമാരുടെ വിദ്യാഭ്യാസം കൂടുന്നതനുസരിച്ച് കുട്ടികളുടെ എണ്ണം കുറവാണ്.

(4) ഗർഭകാല പരിശോധനയ്ക്കായി പാലക്കാട്ട് 47.9 ശതമാനവും കോഴിക്കോട്ട് 37.2 ശതമാനവും സ്വകാര്യ ആശുപത്രികളെയാണ് സമീപിക്കുന്നത്.

(5) മിക്കവാറും ഗർഭിണികളും മൂന്നോ അതിൽ കൂടുതലോ പരിശോധനയ്ക്ക് വിധേയരായിരിക്കും.

(6) പാലക്കാട്ട് 99.2 ശതമാനവും, കോഴിക്കോട്ട് 95.8 ശതമാനവും ഗർഭിണികൾക്ക് ടി.ടി. ഇൻജക്ഷൻ ലഭിക്കുന്നു.

(7) പാലക്കാട്ട് 18 ശതമാനവും, കോഴിക്കോട്ട് 29 ശതമാനവും ഗർഭിണികൾ പ്രസവസംബന്ധമായ പ്രശ്നങ്ങൾക്ക് ചികിത്സ തേടുന്നു.

(8) 79-80 ശതമാനം അമ്മമാരും പ്രസവം കഴിഞ്ഞ് 2 മണിക്കൂറിനകം മുലപ്പാൽ നൽകുന്നു.

(9) രണ്ട് ജില്ലയിലും 90 ശതമാനം അമ്മമാർക്കും കുട്ടികളിലുണ്ടാകുന്ന വയറിളക്ക രോഗങ്ങളെക്കുറിച്ച് അറിവുണ്ട്.

(10) പാലക്കാട് 79 ശതമാനവും, കോഴിക്കോട് 94 ശതമാനവും കുട്ടികൾക്ക് പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(11) എസ്. സി., എസ്. റ്റി. വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ കൂടുതലും സർക്കാർ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു.

(12) പാലക്കാട് 9 ശതമാനവും കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പുകൾ കിട്ടുന്നില്ല.

(13) ഗർഭനിരോധന മാർഗ്ഗങ്ങൾ പാലക്കാട് 56.3 ശതമാനവും കോഴിക്കോട് 73.8 ശതമാനവും സ്വീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞതല്ലാതെ കോഴിക്കോടും പാലക്കാടും സബ് പ്രോജക്ടുകളിൽ പദ്ധതി നടത്തിപ്പിനുശേഷം ആരോഗ്യ നിലവാരം വിലയിരുത്തുവാനായി ഒരു എന്റ് ലൈൻ സർവ്വെയും തിരുവനന്തപുരം, കൊച്ചി കോർപ്പറേഷൻ ഏരിയകളിൽ ആർ. സി. എച്ച്. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഒരു ബേസ് ലൈൻ സർവ്വെയും നടത്തുകയുണ്ടായി. ഈ രണ്ടു സർവ്വേകളും കേരള യൂണിവേഴ്സിറ്റിയുടെ ഡെമോഗ്രാഫി വിഭാഗമാണ് നടത്തുന്നത്. ഇതിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്തിന്റെ ഭാഗമായി നടത്തിയ പഠന റിപ്പോർട്ടിലൊന്നും തന്നെ ഒരു ശുപാർശയും വച്ചിട്ടില്ല.

(ബി ആന്റ് സി) ഇത്തരം പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൗമാര പ്രായത്തിലെ വിവാഹങ്ങൾ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് തുടങ്ങിയ വടക്കൻ ജില്ലകളിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്

*4 [94] ശ്രീ. എ. ഡി. മുസ്തഫ:
" ഇ. എം. അഗസ്തി:
" ടി. വി. ചന്ദ്രമോഹൻ:
" വി. ഡി. സതീശൻ:
" ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ബി) ഇതുസംബന്ധിച്ച് ഏതെല്ലാം വിദേശ വ്യവസായ സംരഭകരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ട്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രമാത്രം ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വിദേശ രാജ്യങ്ങളിലെ പ്രമുഖ സ്ഥാപനങ്ങളെയും വ്യവസായികളെയും കേരളത്തിൽ നിക്ഷേപം നടത്തുവാനായി ക്ഷണിക്കുകയും അവിടുത്തെ എംബസികളുമായി ചേർന്ന് റോഡ് ഷോകൾ, ബിസിനസ് മീറ്റുകൾ എന്നിവ നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly